"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - വാഹന അപകടത്തിൽ പരിക്കേറ്റ പാലക്കാട് സ്വദേശി ഫാത്തിമ നസ്രിൻ എന്ന കുട്ടിയുടെ ചികിത്സയുടെ ഭാഗമായി ചെലവായ 25,605/- രൂപ ബാലനിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.343/2025/WCDD തീയതി,തിരുവനന്തപുരം, 21-07-2025

---

പരാമർശം:- 1. സ.ഉ(സാധാ) 730/2017/സാനീവ, തീയതി 01/11/2017

2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 21.03.2025 തീയതിയിലെ ഡി.ഡബ്ല്യു.സി.ഡി/955/2025-ഐ.സി.പി.എസ് 4 നം കത്ത്

**<u>ഉത്തരവ്</u>**

ജുവനൈൽ ജസ്റ്റീസ് ആക്ടിന്റേയും റൂളിന്റേയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, പുനരധിവാസം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സമൂഹത്തിൽ ഏറ്റവും കൂടുതൽ വിഷമതകളനുഭവിക്കുന്ന 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി ധനസഹായം നൽകുന്നതിനായി പരാമർശം (1) പ്രകാരം ബാലനിധി രൂപീകരിച്ചിരുന്നു.

2) പാലക്കാട് ജില്ലയിൽ കൊപ്പം പഞ്ചായത്തിൽ പുലാശ്ശേരി പലായിക്കൽ വീട്ടിൽ ശ്രീ മുഹമ്മദ് ഷഫീഖ്, ശ്രീമതി റൈഹാൻസ് ദമ്പതികളുടെ മകളായ ഫാത്തിമ നസ്രിൻ എന്ന കുട്ടിക്ക് 2022 ൽ അച്ഛനോടൊപ്പം ബൈക്കിൽ യാത്ര ചെയ്യുമ്പോൾ ശങ്കരമംഗലത്ത് വെച്ച് നടന്ന വാഹനാപകടത്തെ തുടർന്നുള്ള ചികിത്സയ്ക്കായി ചെലവായ 25,605/-രൂപ കുട്ടിയുടെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ബാലനിധിയിൽ നിന്ന് അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഹനാപകടത്തിൽ പരിക്കേറ്റ് തുടർ ചികിത്സ ആവശ്യമായ പാലക്കാട് ജില്ലയിൽ കൊപ്പം പഞ്ചായത്തിൽ പുലാശ്ശേരി പലായിക്കൽ വീട്ടിൽ ശ്രീ മുഹമ്മദ് ഷഫീഖ്, ശ്രീമതി റൈഹാൻസ് ദമ്പതികളുടെ മകളായ ഫാത്തിമ നസ്രിൻ എന്ന കുട്ടിക്ക്, ജെ.ജെ ആക്ടിന്റെയും റൂളിന്റേയും പരിധിയിൽ വരുന്ന കുട്ടികളുടെ സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം

സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ നിന്നും 25,605/-രൂപ (ഇരുപത്തയ്യായിരത്തി അറുന്നൂറ്റി അഞ്ച് രൂപ മാത്രം) വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 21-07-2025 15:19:36